# കത്തീഡ്രൽ വോയ്സ്

തൃശൂർ ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിന്റെ മുഖപത്രം
ജനുവരി 2025









നവവത്സരാശംസകൾ




# Pride Of Fashion

Shankarayyar Junction (Jayalakshmi Silks Road)
Poothole, Thrissur
Phn: 0487 2386500, 8136971500

South Bazar (Near Puthenpalli)
High Road, Thrissur
Phn: 0487 2424200, 8304021500

PRIDE OF FASHION
Always in style



Poothole Branch (Car Parking Available)



High-road Branch

Scan this QR code to connect with us.

BRIDAL ORNAMENTS - BRANDED COSMETICS - FANCY ACCESSORIES - DANCE ORNAMENTS

# പത്രാധിപസമിതി

**ചീഫ് എഡിറ്റർ:**
വെ. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ
9526870870
**മാനേജിങ്ങ് എഡിറ്റേഴ്സ്**
റവ. ഫാ. അനു ചാലിൽ
8281742260
റവ. ഫാ. ജിജോ എടക്കളത്തൂർ
9961511126
**എക്സിക്യൂട്ടീവ് എഡിറ്റർ:**
പ്രൊഫ. ഡോ. കെ. എം. ഫ്രാൻസിസ്
9846330595
**അസോസിയേറ്റ് എഡിറ്റർ:**
ശ്രീ. ജോസ് വാഴപ്പിള്ളി
9446766776
**സെക്രട്ടറി:**
ശ്രീ. സി. ആർ. ആന്റോ
9387100728
**ട്രഷറർ:**
ശ്രീ. സോണി തോമസ് കവലക്കാട്ട്
9387105562
**അംഗങ്ങൾ:**
ഡോ. ജോബി കാക്കശ്ശേരി
ഡോ. ഇഗ്നേഷ്യസ് ആന്റണി
ശ്രീ. ജോഷി ചിറമ്മൽ
ശ്രീമതി അൽഫോൺസ സിംസൺ
ശ്രീ. ബോബി ചിറക്കേക്കാരൻ
സി. ദീപ വർഗ്ഗീസ് SKD
8078399044
**സർക്കുലേഷൻ മാനേജർ:**
ശ്രീ. പി.ജെ. ടോജോ
9846660020
**നടത്തുകൈക്കാരൻ**
ശ്രീ. തോമസ് കോനിക്കര
**കൈക്കാരന്മാർ**
ശ്രീ. ലൂവി കണ്ണാത്ത്
ശ്രീ. ജോസ് ചിറ്റാട്ടുകര
ശ്രീ. ജോജു മഞ്ഞില


# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| വികാരി | 3 |
| യുവാക്കളോട് | 4 |
| കുഞ്ഞുമക്കളോട് | 5 |
| പത്രധർമ്മം | 6 |
| റിപ്പബ്ലിക്ക് | 10 |
| ചിരി ജീവിതത്തിൽ അനിവാര്യമാണോ ? | 13 |
| സമാധാനം നിന്നോടു കൂടെ ? | 15 |
| ഓർമ്മിക്കാൻ ആചരിക്കാൻ | 17 |
| ചിരി ജീവിതത്തിൽ അനിവാര്യമാണോ ? | 18 |
| ഗുരു എന്ന നിധി | 20 |
| പാലായനം | 21 |
| രണനാട് | 23 |
| വിശുദ്ധ വിൻസെന്റ് പലോട്ടി | 24 |
| ഇടവക വാർത്തകൾ | 25 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 27 |
| അതിരൂപത സ്കിറ്റ് | 28 |
| ബൈബിൾ ക്വിസ് | 29 |
| നിറം കൊടുക്കൽ | 30 |
| അടിക്കുറിപ്പ് | 31 |
| ബൈബിൾ കലണ്ടർ | 32 |
| കുടുംബകൂട്ടായ്മ വേദി | 40 |


## തിരുക്കർമ്മ സമയം

**വി. കുർബ്ബാന : ഞായർ:** 6.00 a.m, 7.30 am. 10.30 a.m, 5.00 p.m, 7.00 p.m. **മറ്റു ദിവസങ്ങളിൽ:** 6.00 a.m, 7.30 a.m, 5.00 p.m.
**നിത്യസഹായമാതാവിന്റെ നൊവേന:** ശനിയാഴ്ച 6.45 a.m, 8.15 am. 5.45 p.m
**ഉണ്ണിമിശിഹാ കപ്പേളയിൽ** : വി.കുർബ്ബാന തിരുക്കർമ്മങ്ങൾ ഓരോ മാസവും 1-ാം തിയ്യതി 7.00 p.m
ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം


**Our Lady of Lourdes Metropolitan Cathedral**
Cathedral Road, Thrissur - 680 005
Ph: 0487 2333995, 8547797595
e-mail: cathedralthrissur@gmail.com, Web: www.lourdescathedralthrissur.com
Printed at : Vivid Offset Printers, Behind Latin Church, Thrissur-1.
For Private Circulation only

# എഡിറ്റോറിയൽ

പഴയ നിയമവും, പുതിയ നിയമവും ക്രൈസ്തവരുടെ ജീവിതത്തിൽ നിർണ്ണായക പ്രാധാന്യമുള്ള ഗ്രന്ഥങ്ങളാണ്. പഴയ നിയമത്തിൽ നിന്ന് പുതിയ നിയമത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം ആരാണെന്ന യഥാർത്ഥ അറിവ് മനുഷ്യന് ലഭിക്കുന്നു. പഴയ നിയമ കാലഘട്ട ത്തിലുള്ളവർക്ക് ദൈവത്തെക്കുറിച്ച് തീക്ഷണത ഉണ്ടായിരുന്നു. എന്നാൽ അത് ശരിയായ അറിവിന്റെ അടിത്തറയിൽ അല്ലായിരുന്നു (റോമർ 10 : 2). എന്നാൽ യേശു ക്രിസ്തുവിൽ ദൈവത്തെ കുറിച്ചുള്ള അറിവ് പൂർണ്ണമായും ലഭിച്ചിരിക്കുന്നു.

യേശുക്രിസ്തുവിലൂടെ പഴയ നിയമത്തെ മനസ്സിലാക്കണമെന്ന് സഭ പഠിപ്പിക്കുന്നു. പഴയ നിയമത്തിലെ പലതും തെറ്റാണെന്ന് യേശു പഠിപ്പിച്ചു. വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലുക എന്നതാണ് മോശയുടെ നിയമം. യേശു അക്കാര്യം തള്ളിക്കളഞ്ഞു. ഛേദനാചാരം നടത്തുക, മൃഗബലി നടത്തുക, ചില തരം ഭക്ഷണം കഴിക്കാതി രിക്കുക, അയിത്തം ആചരിക്കുക, ജറുസലേം ദേവാലയത്തിൽ മാത്രം ദൈവസാന്നിദ്ധ്യം കാണുക എന്നിവയെല്ലാം യേശു തള്ളിക്കളഞ്ഞു. ഓരോ മനുഷ്യനും ദൈവത്തിന്റെ ആലയമാണെന്നും, ദൈവാത്മാവ് മനുഷ്യനിൽ വസിക്കുന്നുവെന്നും യേശു പഠിപ്പിച്ചു.

എന്നാൽ പഴയ നിയമത്തിലെ അനേകം ശരികൾ ക്രൈസ്തവർ തങ്ങളുടെ ചിന്തയിൽ നിന്ന് ഉപേക്ഷിച്ചതായി കാണാം. പഴയ നിയമത്തിന്റെ ഘടനയിൽ മൂന്ന് ഭാഗങ്ങളുണ്ട്. അവ യഥാക്രമം പുരോഹിതന്മാർ, പ്രവാചകന്മാർ, രാജാക്കന്മാർ എന്നിവയാണ്. ഗ്രന്ഥത്തിന്റെ ഉള്ളടക്ക ഘടന അവരുടെ സമൂഹത്തിന്റെ തന്നെ ഘടനയായിരുന്നു.

വിശുദ്ധ പത്രോസ് ഇപ്രകാരം പറഞ്ഞു;- നിങ്ങൾ പുരോഹിത, പ്രവാചക, രാജകീയ ഗണമാണ്. മറ്റൊരുവിധത്തിൽ ഓരോ മനുഷ്യനും പുരോഹിത ദൗത്യവും, പ്രവാചക ദൗത്യവും, രാജകീയ ദൗത്യവും നിറവേറ്റാൻ വിളിക്കപ്പെട്ടവരാണ്. ആധുനിക രാഷ്ട്രീയ ഘടന ഈ മൂന്ന് ദൗത്യങ്ങളെ നിയമനിർമ്മാണം, നിയമ വ്യാഖ്യാനം, നിയമം നടപ്പിലാക്കൽ (Legislative, Judiciary, Executive) എന്ന ഘടനയിലൂടെ പ്രയോഗവൽക്കരിക്കുന്നു. ശ്രദ്ധയോടെ പരിശോധിച്ചാൽ ഇവ മൂന്നും നിയമം എന്നതിനെ കേന്ദ്രീകരിച്ചാണെന്ന് മനസ്സിലാക്കാം. നിയമവും അത് നടപ്പിലാക്കേണ്ടതും, വ്യാഖ്യാനിക്കേണ്ടതുമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ഇന്ത്യയിലെ ഗ്രന്ഥമാണ് ഭരണഘടന. ഭരണഘടനയെ എല്ലാ ജനങ്ങളും അംഗീകരിച്ച ദിവസമാണ് റിപ്പബ്ലിക്ക് ദിനം.

മുകളിലെ വിശകലനത്തിൽ നിന്ന് ക്രിസ്തുമതം എപ്രകാരമാണ് ആധുനിക ജനാധിപത്യ വ്യവസ്ഥ സൃഷ്ടിച്ചതിൽ പങ്കുവഹിച്ചതെന്ന് വ്യക്തമാണ്. അതിനാൽ തന്നെ പാശ്ചാത്യ രാജ്യങ്ങളിലെ സ്വതന്ത്ര ചിന്തകർ ദൈവത്തെ നിഷേധിച്ചാലും, ക്രിസ്തു മതം മുന്നോട്ടു വെക്കുന്ന രാഷ്ട്രീയ സാമൂഹിക ഘടനയെ നൂറു ശതമാനവും അംഗീകരിക്കുന്നു. ക്രൈസ്തവ സമൂഹത്തിലെ ബഹുഭൂരിപക്ഷവും ഇത്തരം കാര്യങ്ങളിൽ അജ്ഞരാണ് എന്നതാണ് ക്രിസ്തുമതം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

**എഡിറ്റർ**



# വികാരിയച്ചൻ സംസാരിക്കുന്നു

ഓരോ ഭവനത്തിലും ക്രിസ്തുമസ്സ് കൂട് നിർമ്മിക്കുക എന്നത് കേരള ക്രൈസ്തവരുടെ നൂറ്റാണ്ടുകളായുള്ള പാരമ്പര്യമാണ്. ഡിസംബർ 24-ാം തിയ്യതി പൂർത്തിയാക്കുന്ന ക്രിസ്തുമസ്സ് കൂട് അഴിച്ചു മാറ്റുന്നത് ജനുവരി 6-ാം തിയ്യതിയിലെ ദനഹാ തിരുനാളിനു ശേഷമാണ്. മറ്റൊരു വിധത്തിൽ ഈ പതിമൂന്നു ദിവസവും തിരുകുടുംബത്തെ ധ്യാനിച്ചുകൊണ്ടാണ് നാം ഉണരുന്നതും, ജീവിക്കുന്നതും, ഉറങ്ങുന്നതും.

സീറോ മലബാർ സഭയിലെ വിശുദ്ധനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചനും, വിശുദ്ധ മറിയം ത്രേസ്യയും ജീവിതം മുഴുവനും ധ്യാനിച്ച മന്ത്രമാണ് "ഈശോ മറിയം, യൗസേപ്പെ എനിക്ക് കൂട്ടായിരിക്കേണമെ" എന്ന മന്ത്രം. മനുഷ്യ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളുടെയും കുരുക്കഴിക്കാൻ ശക്തിയുള്ള ഈ സുകൃത ജപത്തിനെ പഞ്ചേന്ദ്രിയങ്ങൾകൊണ്ട് കണ്ട് പ്രാർത്ഥിക്കാനുള്ള അവസരമാണ് ക്രിസ്തുമസ്സ് കൂട്. 2024ൽ നിന്ന് 2025 എന്ന പുതുവർഷത്തിലേക്ക് തിരുകുടുംബത്തെ ധ്യാനിച്ച് ജീവിതം ധന്യമാക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഓരോ മനുഷ്യന്റെയും ജീവിതത്തിന്റെ പ്രകാശമായ മിശിഹാ, ഈ ലോകത്തിലെ മുഴുവൻ മനുഷ്യരുടെയും പ്രകാശമാകാൻ നമുക്ക് പരിശ്രമിക്കാം.

യേശു ഓരോ വ്യക്തിയുടേയും, അതുവഴിയായി ലോകത്തിന്റേയും പ്രകാശമാണെന്ന സത്യം നാം ആദ്യം കൈമാറേണ്ടത് നമ്മുടെ മക്കൾക്കാണ്. ഇതിനുള്ള അവസരമാണ് വിശ്വാസപരിശീലനം. വിശ്വാസ പരിശീലനം യഥാർത്ഥത്തിൽ നടത്തേണ്ടത് മാതാപിതാക്കളാണ്, അവരെ സഹായിക്കുക എന്നതുമാത്രമാണ് വിശ്വാസ പരിശീലകരുടെ ദൗത്യം. മാതാപിതാക്കൾ മക്കൾക്ക് ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ പരിചയപ്പെടുത്തിയാൽ മറ്റൊരു ശക്തിക്കും അവരെ വിശ്വാസത്തിൽ നിന്ന് വേർപ്പെടുത്താൻ കഴിയില്ല. വിശ്വാസ പരിശീലനത്തിന്റെ പരീക്ഷാ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണ്. ഓരോ കുഞ്ഞിനേയും വ്യക്തിപരമായി യേശുവിനെ കണ്ടുമുട്ടാനും അതുവഴിയായി പിതാവായ ദൈവത്തെ അറിയാനും നമുക്ക് പരിശീലിപ്പിക്കാം.

ക്രിസ്തുമസ്സിന്റെ ദിനങ്ങളും, ഉണ്ണിമിശിഹാ പള്ളിതിരുനാളും ഭക്തിപൂർവ്വം കൊണ്ടാടുന്നതിന് സഹായിച്ച എല്ലാവർക്കും നന്ദിപറയുന്നു. ലോകത്തിന്റെ പ്രകാശമായ മിശിഹാ നിങ്ങളുടെ ജീവിതത്തിലെ ഇരുട്ടു നിറഞ്ഞ ഇടങ്ങളെ പ്രകാശിപ്പിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ദനഹാ തിരുനാളിന്റെ പ്രാർത്ഥനകൾ അർപ്പിച്ചുകൊണ്ട്

സ്നേഹപൂർവ്വം, വികാരി

**ഫാ. ഡേവിസ് പുലിക്കോട്ടിൽ**






# യുവാക്കളോട്

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

ഏവർക്കും പുതുവത്സരത്തിന്റെ ആശംസകൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. കഴിഞ്ഞദിവസം രാവിലെ കുർബാന കഴിഞ്ഞ് വൈദിക മന്ദിരത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ ഒരു ചേട്ടൻ വലിയ ആശ്ചര്യത്തോടെ പറയുന്നത് കേട്ടു, എത്ര പെട്ടെന്നാണ് ഈ വർഷം കടന്നുപോയത്. അത് ശരിയല്ലേ ! കണ്ണടച്ചു തുറക്കുന്ന വേഗത്തിലാണ് ഓരോ വർഷവും കടന്നുപോകുന്നത് എന്ന് ചിലപ്പോൾ തോന്നാറുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ ചില കയപ്പ് നിറഞ്ഞ അനുഭവങ്ങളെ മറക്കാനും, മധുര നിമിഷങ്ങളെ മനസ്സിൽ സൂക്ഷിക്കാനും നമുക്ക് സാധിക്കട്ടെ. 2025 അനുഗ്രഹങ്ങളുടെയും, സന്തോഷങ്ങളുടെയും വർഷമാകട്ടെ എന്നാശംസിക്കുന്നു.

നമ്മിൽ പലരെയും സംബന്ധിച്ചിടത്തോളം ക്രിസ്തുമസ് ഡിസംബർ 26 നോട് കൂടെ അവസാനിക്കുന്നു. എന്നാൽ ക്രിസ്തീയ ചരിത്രത്തിലൂടെ നോക്കുമ്പോൾ ക്രിസ്തുമസ് ഏകദേശം 12 ദിവസത്തെ ആഘോഷമാണ്. ഈ ആഘോഷം അവസാനിക്കുന്നത് ജനുവരി 6, ദനഹാ തിരുനാളോടു കൂടെയാണ്. ദനഹ എന്ന വാക്കിന്റെ അർത്ഥം പ്രത്യക്ഷീകരണം (എപ്പിഫനി) എന്നാണ്. നമ്മുടെ നാട്ടിൽ ഈ തിരുനാൾ പിണ്ടിപ്പെരുന്നാൾ എന്നും പറയുന്നുണ്ട്. കർത്താവിന്റെ മാമ്മോദിസയാണ് പ്രധാനമായും ഈ പെരുന്നാളിന് അനുസ്മരിക്കുന്നത്. പള്ളിമുറ്റത്തും വീടിന്റ മുറ്റങ്ങളിലും വലിയ വാഴപ്പിണ്ടി കുത്തി അതിൽ വർണ്ണക്കടലാസുകൊണ്ടും ദീപങ്ങൾകൊണ്ടും അലങ്കരിച്ചു നാം ഈ പെരുന്നാൾ ആഘോഷിക്കാറുണ്ട്. നാം ഉണ്ടാക്കുന്ന പുൽക്കൂടുകൾ ദനഹാ തിരുനാളിലാണ് ശേഷമാണ് സാധാരണയായി അഴിച്ചു മാറ്റാറുള്ളത്. അതിനാൽ പ്രിയമുള്ളവരെ, ലോകത്തിന്റെ പ്രകാശമായി ഉദയം ചെയ്ത ക്രിസ്തുവിന്റെ പാതയിൽ ചരിക്കുവാനും ആയിരിക്കുന്ന ഇടങ്ങളിൽ പ്രകാശം പരത്തിക്കൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും ഈ പുതുവർഷം കാരണമാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ

**അനുവച്ചൻ**



സമ്മാനങ്ങളെന്നും സന്തോഷം നൽകുന്ന കാര്യമാണ്. കുട്ടിക്കാലം മുതൽ എത്രയോ സമ്മാനങ്ങൾ സ്വന്തമാക്കിയവരാണ് നാമൊക്കെ. തീർച്ചയായും ക്രിസ്തുമസ് സമ്മാനങ്ങളുടെ കാലമാണ്. ദൈവം തന്റെ പുത്രനെ ലോകത്തിന് സമ്മാനിച്ചതിന്റെ ഓർമ്മയാണല്ലോ ക്രിസ്തുമസ്. പരസ്പരം സമ്മാനങ്ങൾ പങ്കുവയ്ക്കുന്ന ഒരു കാലം കൂടിയാണ് ക്രിസ്തുമസ്. സമ്മാനങ്ങളുടെ ഈ ആഘോഷങ്ങൾക്കുശേഷം നാമിപ്പോൾ പുതുവർഷത്തിലാണ്. ഒരുതരത്തിൽ ചിന്തിച്ചാൽ ഇതും ഒരു സമ്മാനമല്ലേ? കാരണം കഴിഞ്ഞവർഷം നമ്മുടെ കൂടെ യാത്ര ആരംഭിച്ച പലരും ഇന്ന് നമുക്കൊപ്പമില്ല. എത്രയോ പേർ പുതുവർഷപ്പിറവി കാണാതെ മൺമറഞ്ഞുപോയി. But you are still here. ഇപ്പോൾ ഈ വരികൾ വായിക്കാൻ നിങ്ങൾക്ക് ആകുന്നില്ലേ? ഈ വരികൾക്കിടയിലെ സന്ദേശം മനനം ചെയ്യാൻ നിങ്ങൾക്ക് സാധിക്കുന്നില്ലേ? How blessed we are! ഈ ജീവിതം ദൈവത്തിന്റെ ദാനമാണെന്ന് പറയുമ്പോൾ ഗ്രഹിക്കാൻ ഇതിൽപരം മറ്റെന്ത് തെളിവ് വേണം!

ഒരു നിമിഷം മിഴി പൂട്ടി ധ്യാനിക്കൂ... ശ്വാസം ഇനിയും നിലച്ചിട്ടില്ല! ഹൃദയം ഇപ്പോഴും മിടിക്കുന്നുണ്ട്! അതെ, ഇതുമൊരു സമ്മാനമാണ്! 'ദൈവത്തിന്റെ സമ്മാനം'

തൃശ്ശൂർ അതിരൂപതയെ സംബന്ധിച്ച് ഈ പുതുവർഷം കൂടുതൽ മധുരതരമാണ്. തന്റെ മഹത്തായ സമ്മാനമായ പൗരോഹിത്യത്താൽ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുകയാണ്. നമ്മുടെ സ്വന്തം ക്രിസ്റ്റോ അച്ചനുൾപ്പെടെ 16 പേരാണ് ഈ വർഷം നമ്മുടെ അതിരൂപതക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ചത്. തിരുപ്പട്ടസ്വീകരണത്തിന്റെ ഒരു വർഷം പിന്നിടുമ്പോൾ ഞാനും തിരിച്ചറിയുന്നു ദൈവത്തിന്റെ മഹത്തായ സമ്മാനമാണ് പൗരോഹിത്യം.

സ്നേഹമുള്ളവരെ ഈ പുതുവർഷത്തിൽ ദൈവം സമ്മാനിച്ച നിരവധിയായി നന്മകളെ ഓർത്തെടുക്കാനും നന്ദി പറയാനും നമുക്ക് സാധിക്കട്ടെ. പുതുവർഷം അനുഗ്രഹദായകമാകട്ടെ

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിജോ അച്ചൻ**




# പത്രധർമ്മം

## - സാമൂഹ്യ പുരോഗതിക്ക്



ലൂവി കണ്ണാത്ത്

മനുഷ്യ ജീവിതത്തെ എല്ലാവിധത്തിലും സ്വാധീനിക്കുവാൻ സാധിക്കുന്ന തരത്തിൽ ഇന്ന് മാധ്യമങ്ങൾ വളർന്നിരിക്കുന്നു. മനുഷ്യജീവിതം സുഗമവും ആനന്ദകരവുമാക്കുവാൻ മാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. മനുഷ്യന്റെ ജീവിതശൈലിയും സംസ്കാരവും രൂപപ്പെടുത്തുന്നതിലും അതിന്റെ സ്വാധീനം നിർണ്ണായകമാണ്. ലോകത്തിന്റെ സാമ്പത്തിക രാഷ്ട്രീയ പരിണാമം മാധ്യമങ്ങളുടെ പരിണാമവുമാണ്. മാധ്യമങ്ങൾ അറിവിന്റെ ലോകം മാനവസമൂഹത്തിന് വെളിപ്പെടുത്തിയപ്പോഴാണ് സാമൂഹിക രാഷ്ട്രീയ രംഗത്ത് പരിവർത്തനം സൃഷ്ടിച്ച ഫ്രഞ്ച് വിപ്ലവം, വ്യവസായ വിപ്ലവം, പ്രൊട്ടസ്റ്റന്റ് വിപ്ലവം തുടങ്ങിയവ അരങ്ങേറിയത്. നവോത്ഥാനത്തിന്റെ പിറവിക്കും വളർച്ചക്കും തുടർന്നുണ്ടായ പല സംഭവങ്ങൾക്കും ഇത് കാരണമായിത്തീർന്നു. പതിനെട്ടാം നൂറ്റാണ്ട് മുതൽ സംവേദന രംഗത്ത് ഒട്ടേറെ വലിയ മാറ്റങ്ങൾ സംഭവിച്ചു. അച്ചടി വർത്തമാനപത്രം, റേഡിയോ, സിനിമ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സാമൂഹ്യ മാധ്യമങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയ പുതിയ പുതിയ സങ്കേതങ്ങൾ വഴി സംവേദന പ്രക്രിയ സാധ്യമായി. മനുഷ്യന്റെ സംവേദന തലങ്ങളെ മാത്രമല്ല, ജീവിതരീതിയെ തന്നെ ശക്തമായി സ്വാധീനിച്ചു. കേരളത്തിലെ ജനങ്ങൾ വിവിധ ബഹുജന മാധ്യമങ്ങളുമായി സമ്പർക്കത്തിലാണ്. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വൈദ്യുതിയും കേബിൾ കണക്ഷനും ഉണ്ട്. ഉയർന്ന സാക്ഷരത നിരക്ക്, തികഞ്ഞ രാഷ്ട്രീയ അവബോധം, വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യം, ഉയർന്ന മാധ്യമ ഉപയോഗം ഇവയെല്ലാം കേരളത്തെ ഒരു മാധ്യമ സാക്ഷരത സംസ്ഥാനമായി മാറ്റിയിരിക്കുന്നു. ഇന്ന് മനുഷ്യൻ ഉണരുന്നതും ഉണ്ണുന്നതും വാർത്താവിശേഷങ്ങളുടെ ബഹളത്തിലാണ്. മതവും രാഷ്ട്രീയവും കാലാവസ്ഥയും സിനിമയും സംസ്കാരങ്ങളുമെല്ലാം ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ നമ്മുടെ കിടപ്പു മുറിയിലും അടുക്കളയിലും എല്ലാ കാഴ്ചകളും കേൾവികളുമായി മാറിക്കഴിഞ്ഞു. എന്നാൽ ചൂഷണ വിമുക്തമായ ഒരു സംവേദന സംസ്കാരമാണ് അതെന്ന് പറയാനാവുമോ? ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലയായ മാധ്യമങ്ങൾ ജനാധിപത്യ സംവിധാനത്തിലെ നാലാം തൂണാണ്(Fourth Estate). നിയമ രൂപീകരണ വ്യവസ്ഥയ്ക്കും (legislative) ഭരണനിർവഹണ വിഭാഗത്തിനും (Executive) ന്യായാധിപസ്ഥാപനത്തിനു (Judiciary) പുറത്ത് മാധ്യമങ്ങൾക്ക്

സ്വാതന്ത്ര്യം നൽകി. ജനാധിപത്യത്തിന്റെ അടിസ്ഥാന അധികാരികൾ പൊതുജനങ്ങളാണ് എന്നതാണ് ഇതിന്റെ കാരണം. ഭരണവും ഭരണ നിർവഹണവും പൊതു ജനാഭിപ്രായപ്രകാരം ആയിരിക്കണം. പൊതുജനാഭിപ്രായത്തിന്റെ നിഷ്പക്ഷവേദിയാണ് മാധ്യമങ്ങൾ. സത്യത്തെ സമൂഹത്തിന്റെ മുൻപിൽ തുറന്നു വയ്ക്കുക എന്ന ഉദാത്തമായ ദൗത്യമാണ് മാധ്യമങ്ങൾക്ക് നിർവഹിക്കാനുള്ളത്. ഛായ മാത്രമല്ല പ്രതിഛായ സൃഷ്ടിക്കാൻ കൂടി കഴിയുമ്പോഴാണ് മാധ്യമ ധർമ്മം സഫലമാകുന്നത്. അതിനുള്ള ശ്രമവും മാധ്യമങ്ങളുടെ ഭാഗത്തു ണ്ടാവണം. പൊതുജനാഭിപ്രായം, മാധ്യമങ്ങളുടെയും താല്പര്യ ഗ്രൂപ്പുകളുടെയും വ്യവസായിക വ്യവസ്ഥിതികളുടെയും സൃഷ്ടിയായി മാറുന്നു. വാർത്തകളും അഭിപ്രായങ്ങളും എല്ലാവിധത്തിലുള്ള വിഭവങ്ങളും ഇന്ന് വില്പന ചരക്കുകൾ ആണ്. മാധ്യമങ്ങൾക്ക് വിപുലമായ ധർമ്മങ്ങൾ ഉണ്ട്. സമൂഹത്തിലെ എല്ലാ ശക്തികളോടും ഒരേപോലെ മുഖം നോക്കാതെ നീതി പുലർത്താൻ മാധ്യമങ്ങൾക്ക് കഴിയണം. ഒരു സംഭവം സമൂഹത്തിൽ ഏതുവിധത്തിലാണ് സ്വാധീനം ചെലുത്തുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ആവണം അതിനെ പ്രാധാന്യം കൊടുക്കുന്നത്. ഉള്ളതു പറയുവാനും സംശയമുള്ളത് കണ്ടെത്താനും കഴിയണം. ജനവികാരം മനസ്സിലാക്കി പ്രതിഫലിപ്പിക്കുക. അഭിലഷണീയമായ വികാരങ്ങൾ ജനമനസിൽ ഉണർത്തുക, അപ്രിയ സത്യങ്ങൾ ധീരമായി വെളിപ്പെടുത്തുക എന്ന ഗാന്ധിയൻ പത്രധർമ്മത്തിന്റെ കാതൽ മനസ്സിലുണ്ടാവണം. വികാരവൽക്കരണവും രാഷ്ട്രീയവൽക്കരണവും മാധ്യമം സ്വീകരിക്കേണ്ട വഴിയല്ല. എന്നാൽ ഇന്ന് ഒരു സമ്പൂർണ്ണ മാധ്യമം എന്ന സങ്കല്പം വിരളമായിരിക്കുന്നു. ഇന്ന് മാധ്യമങ്ങൾക്ക് നിറമുണ്ട്. മത ജാതി വർഗ്ഗ രാഷ്ട്രീയ പ്രാദേശിക വേർതിരിവുകൾ ഉണ്ട്. ഗ്രൂപ്പുകളുടെ സ്വാധീനമുണ്ട്. നിറത്തിന്റെയും മതത്തിന്റെയും ജാതിയുടെയും പേരിൽ മാധ്യമങ്ങൾ ഉത്തരവാദിത്വം മറക്കുമ്പോൾ സമൂഹത്തിന്റെ വളർച്ചയെ അത് പ്രതികൂലമായി ബാധിക്കും. മാധ്യമങ്ങൾ നൽകുന്ന വാർത്തകളെയും വിശേഷങ്ങളെയും സവിശേഷമായ വിവേകവും ബുദ്ധിയും കൊണ്ട് അരിച്ചില്ലെങ്കിൽ നാം പലപ്പോഴും തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരേണ്ടി വരും. ഏതു വാർത്തയും ആദ്യം വിളമ്പുന്നവരാണ് ശ്രദ്ധിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ എത്രയും വേഗത്തിൽ ആദ്യം വാർത്ത എത്തിക്കാൻ മാധ്യമങ്ങൾ തിടുക്കം കാട്ടാറുണ്ട്. ആദ്യം വിളമ്പാനുള്ള ത്വരയിൽ നീതിയും ധർമ്മവും എല്ലാം പിന്തള്ളപ്പെടുന്നു. സത്യം പാദുകമണിയുന്നതിന് മുമ്പ് നുണ ലോകത്തിന്റെ പകുതി സഞ്ചരിക്കും എന്ന് ചൊല്ല് പലപ്പോഴും യഥാർഥ്യമാകുന്നു. വാർത്ത ആദ്യം എത്തിക്കാനുള്ള തിടുക്കത്തിൽ ശരിയായ അറിവും അപഗ്രഥനവും നടക്കുന്നില്ല. അതുകൊണ്ട് തീർച്ച ഇല്ലായ്മയും (uncertainty) ഉത്കണ്ഠകളും (anxiety) ആണ് കൂടുതലുള്ളത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വേലിയേറ്റത്തിൽ ഇന്ന് ലോകം ആഗോള ഗ്രാമമാണ്. ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും നടക്കുന്ന കാര്യങ്ങൾ

നിമിഷങ്ങൾക്കുള്ളിൽ ലോകത്തിലെ തന്നെ വാർത്തയാക്കാൻ സെക്കന്റുകൾ മാത്രം മതി. ഒരാൾ കേൾക്കുകയും അറിയുകയും ചെയ്യുന്ന വാർത്തകൾ അയാളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ മാത്രമല്ല സാമൂഹിക സാമ്പത്തിക മാനത്തെയും ആശ്രയിച്ചിരിക്കുന്നു. ഒരു സമൂഹ ത്തിൽ വാർത്തകൾ പറയപ്പെടുന്ന വിധവും എഴുതപ്പെടുന്ന ശൈലിയും ജനങ്ങളെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വാർത്തകളുടെ വസ്തുനിഷ്ഠതയിൽ മാധ്യമങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. അത് മാധ്യമ ലോകത്തെ അലംഘനീയമായ നിയമമാണ്. സത്യത്തിന് ഒരു മുഖമേയുള്ളൂ എന്നത് മാധ്യമപ്രവർത്തകർ മറക്കുന്നു. ഈ വസ്തു നിഷ്ഠതയെ ഇല്ലായ്മ ചെയ്യുവാനുള്ള മാധ്യമപ്രവർത്തകരുടെ ശ്രമം പത്രധർമ്മം നേരിടുന്ന വലിയ വെല്ലുവിളിയാണ്. സത്യസന്ധമായ വസ്തുതകളാണ് വാർത്തകളുടെ അസ്ഥിവാരം. ആരും നിർമ്മിക്കുന്നതല്ല, സംഭവിക്കുന്ന കാര്യങ്ങളാണ് വാർത്തകൾ ആകുന്നത്. വസ്തുനിഷ്ഠമല്ലാത്ത വാർത്തകൾ വാർത്തയല്ല. വാർത്തകൾക്ക് ഉറവിടമുണ്ട്. അത് ഭാവന സൃഷ്ടിയല്ല. ശക്തമായ ഭാഷയിലൂടെയും കാഴ്ചയിലൂടെയും നമ്മുടെ പരമ്പരാഗതമായ മൂല്യങ്ങളെവരെ മാറ്റിയെടുക്കുന്ന മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്നു. മാധ്യമങ്ങളെ ഉപയോഗിച്ച് നമ്മുടെ ചിന്തകളെയും പെരുമാറ്റത്തെയും സ്വാധീനിക്കാൻ കഴിയുമെന്നത് കൊണ്ടാണ് സർക്കാരുകളും രാഷ്ട്രീയ പാർട്ടികളും മതസ്ഥാപനങ്ങളും മൾട്ടി നാഷണൽ കമ്പനികളും അവരവരുടെ ചാനലുകൾ നിർമ്മിക്കുന്നത്. തങ്ങൾ ആഗ്രഹിക്കുന്ന വിധത്തിൽ പ്രേക്ഷകർ ലോകത്തെ കാണാൻ അത് സഹായിക്കും. സത്യം സാർവ്വത്രികമാണ് എന്ന സനാതന മൂല്യത്തെയാണ് ആധുനിക മാധ്യമങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്, സത്യവും വസ്തുനിഷ്ഠതയും ഒരിക്കലും ആപേക്ഷികമാക്കാൻ പാടില്ല. പക്ഷം പിടിക്കേണ്ടി വരുമ്പോഴും സത്യം പറയണം, എഴുതണം എന്ന നിർബന്ധം മാധ്യമപ്രവർത്തകർക്ക് ഉണ്ടാകുന്നിടത്താണ് ധാർമികത വിജയിക്കുന്നത്. മാധ്യമങ്ങൾ നമ്മുടെ മനഃസ്സാക്ഷി രൂപീകരണത്തിൽ വലിയ പങ്കുവഹി ക്കുന്നുണ്ട്. നാം വായിക്കുന്ന പത്രങ്ങൾ, പുസ്തകങ്ങൾ, കേൾക്കുന്ന വാർത്തകൾ, കാണുന്ന കാഴ്ചകൾ, ടിവി സീരിയലുകൾ, സിനിമകൾ, പരസ്യങ്ങൾ എല്ലാം നമ്മുടെ മനസ്സാക്ഷിയുടെ രൂപീകരണത്തിൽ സ്വാധീനിക്കുന്നുണ്ട്. മാതാപിതാക്കളെയും അധ്യാപകരെക്കാൾ കൂടുതലായി പുതിയ തലമുറയുടെ ജീവിത നിലപാടുകൾ നിശ്ചയിക്കുന്ന പ്രക്രിയയിൽ മാധ്യമങ്ങൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. മാധ്യമങ്ങളുടെ മാസ്മരിക വലയത്തിൽ പെട്ട് അത് വരുത്തി തീർത്തേക്കാവുന്ന അപകടങ്ങളിൽ പെടാതിരിക്കാൻ മാധ്യമ സാക്ഷരത ആവശ്യമുണ്ട്. സമൂഹത്തിന്റെ ധാർമികശക്തിയായ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ നല്ല ധാർമിക ബോധവും നട്ടെല്ലും ഉള്ളവർ ആയിരിക്കണം. ഉയർന്ന സാമൂഹിക ബോധം നിലനിർത്തിയും വിവരങ്ങൾ ശരിയായി ബോധ്യപ്പെട്ടു ചെയ്യേണ്ട ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തിയാണ് മാധ്യമപ്രവർത്തനം. ആത്മാഭിമാനം

ഉയർത്തിപ്പിടിച്ചവരായിരുന്നു എക്കാലവും മാധ്യമപ്രവർത്തകർ. ഉയർന്ന ധാർമിക ബോധ്യം ഉണ്ടായിരുന്നതുകൊണ്ടാണ് അത് സാധ്യമായത്. ഇന്ന് റേറ്റിംഗ് മുഖ്യലക്ഷ്യമാകുമ്പോൾ സദാചാരങ്ങൾക്ക് വിലകൽപ്പിക്കാതെ പോകുന്നു. പ്രധാനപ്പെട്ട പല സാമൂഹ്യ വിഷയങ്ങളും അവഗണിക്കപ്പെട്ടു പോകുന്നു. സ്വാധീനങ്ങളും സമ്മർദ്ദങ്ങളും സത്യത്തെ തമസ്കരിക്കുകയോ അപൂർണ്ണമായും തീർത്തും വാസ്തവ വിരുദ്ധമായും അവതരിപ്പിക്കുകയോ ചെയ്യുന്നു. പത്രപ്രവർത്തകർ ഉത്തരവാദിത്വമുള്ള പൊതുപ്രവർത്തകരാണ്. സാമൂഹ്യ നിർമ്മിതിയിൽ അവർക്ക് നിർണായക പങ്കുണ്ട്. അധികാര സ്ഥാനത്ത് ഇരിക്കുന്നവർ നീതിക്കും സത്യത്തിനും നിരക്കാത്തത് ചെയ്യുമ്പോൾ അതിനെ ചോദ്യം ചെയ്യാനും അവരുടെ കള്ളത്തരങ്ങളും മറ്റും പൊതുജനസമക്ഷം തുറന്നുകാണിക്കാനും മാധ്യമപ്രവർത്തകർക്ക് കഴിയണം. സമൂഹത്തിലെ തിന്മകൾക്കും തെറ്റായ കാര്യങ്ങൾക്കും എതിരെ വിപ്ലവം സൃഷ്ടിക്കണം. ചുരുക്കത്തിൽ സംസ്ക്കാര രൂപീകരണത്തിലും സാമൂഹിക ജീവിതത്തിന്റെ ഊടും പാവും നെയ്യുന്നതിലും മാധ്യമങ്ങൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. സമൂഹത്തിന്റെ വളർച്ചയുടെ വിവിധ കണ്ണികളെ കൂട്ടിച്ചേർക്കുവാനും തെറ്റ് ചൂണ്ടിക്കാണിക്കുവാനും പൊതുജനാഭിപ്രായം രൂപീകരിക്കുവാനും സമൂഹത്തിൽ മാറ്റത്തിന്റെ കേളികൊട്ട് നടത്തുവാനും മാധ്യമങ്ങൾ വഴിയൊരുക്കണം. അത് പരമ്പരാഗത മാധ്യമങ്ങൾ ആയാലും സാമൂഹ്യ മാധ്യമങ്ങളായാലും ഒന്നുപോലെ തന്നെ. നല്ല മാധ്യമ ധർമ്മത്തിലൂടെ സാമൂഹ്യപുരോഗതി കൈവരിക്കുവാൻ സാധിക്കും അതിനു വേണ്ടി മാധ്യമപ്രവർത്തകരും മാധ്യമ സ്ഥാപനങ്ങളും സത്യം നീതി ധർമത്തിലൂടെ സമൂഹത്തെ മുന്നോട്ടു നയിക്കട്ടെ

## 2025 ഫെബ്രുവരി മാസം ചർച്ചാവിഷയം

I. കാൻസർ രോഗവും പ്രതിരോധവും

II. കത്തോലിക്കാസഭയും ശാസ്ത്ര വളർച്ചയും

III. മതസൗഹാർദ്ദ സാദ്ധ്യതകൾ

## മാർച്ച് മാസം ചർച്ചാവിഷയം

I. വീണ്ടും ഒരു നോമ്പുകാലം

II. നാനോ സാങ്കേതിക വിദ്യ, മാറുന്ന ശാസ്ത്ര ലോകം

III. അശാസ്ത്രീയ വനനിയമം

IV. ഉപഭോക്താവിന്റെ അവകാശം

**കൂടാതെ പ്രസക്തമായ ഏതു വിഷയത്തെക്കുറിച്ചും എഴുതാം**

(എഴുതുന്നവർ A4 പേപ്പറിൽ 2 സെന്റിമീറ്ററെങ്കിലും മാർജിൻ ഇട്ട് വൃത്തിയായി, വ്യക്തമായി എഴുതി മൊബൈൽ നമ്പർ രേഖപ്പെടുത്തി 15-ാം തിയ്യതിക്കു മുമ്പ്, കത്തീഡ്രൽ വോയ്സിന്റെ ബോക്സിൽ നിക്ഷേപിക്കുക)

# റിപ്പബ്ലിക് @75

അൽഫോൻസാ ടീച്ചർ



നമ്മുടെ രാജ്യം ഇന്ത്യ 75-ാ മത് റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുകയാണ്. രാജ്യത്തിന്റെ കെട്ടുറപ്പ് തകരാതെ കാക്കുന്ന ഭരണഘടനയെ കൂടി ഓർമ്മിക്കപ്പെടേണ്ട ദിവസമാണിന്ന്. രാജ്യത്തിന്റെ പരമോന്നത ഗ്രന്ഥമായ ഭരണഘടന നിലവിൽ വന്ന ദിവസമാണ് രാജ്യം റിപ്പബ്ലിക് ദിനമായി ആചരിക്കുന്നത്. സ്വതന്ത്ര ഭാരതത്തെ അതിന്റെ പൂർണ്ണതയിൽ നമ്മൾ അവതരിപ്പിച്ച ദിവസത്തെ കൂടിയാണ് റിപ്പബ്ലിക് ദിനം ഓർമ്മപ്പെടുത്തുന്നത്.

1949 നവംബർ 26ന് കരട് ഭരണഘടനയ്ക്ക് ഭരണഘടനാ സമിതി അംഗീകാരം നൽകി. രണ്ടുമാസം കഴിഞ്ഞ് 1950 ജനുവരി 26ന് ഭരണഘടന നിലവിൽ വന്നു. നവംബർ 26നാണ് ഭരണഘടന ദിനമായി നമ്മൾ ആചരിക്കുന്നത്. 1950 ജനുവരി 24ന് ഭരണഘടനാ നിർമ്മാണ സഭ അധ്യക്ഷൻ ഡോ. രാജേന്ദ്ര പ്രസാദ് ഭരണഘടന അംഗീകരിച്ച് ഒപ്പുവച്ചതോടെ ഇന്ത്യ സ്വതന്ത്ര പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി.

ജനപ്രതിനിധികളെ ജനങ്ങൾ തന്നെ തിരഞ്ഞെടുക്കുന്ന ജനങ്ങൾക്ക് പരമാധികാരമുള്ള രാഷ്ട്രീയ വ്യവസ്ഥ എന്നാണ് റിപ്പബ്ലിക്ക് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇന്ത്യ 1947 ആഗസ്റ്റ് 15ന് സ്വതന്ത്രമായെങ്കിലും ഭാരതം ഒരു പരമാധികാര രാഷ്ട്രം ആയത് 1950 ജനുവരി 26നാണ്. അന്നു തന്നെയാണ് നമ്മുടെ ഭരണഘടന നിലവിൽ വന്നത്. ഡോ. ബി.ആർ. അംബേദ്കർ ആണ് നമ്മുടെ ഭരണഘടനയുടെ ശില്പി. ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന ഇന്ത്യയുടേതാണ്.

പൗരാണിക ഭാരതീയ നീതിന്യായ വ്യവസ്ഥകളും മധ്യകാല ഇസ്ലാമിക പാരമ്പര്യവും ഇന്ത്യൻ ദേശീയ ബോധവും ആധുനിക യൂറോപ്യൻ ചട്ടക്കൂട്ടിൽ സംഗമിച്ചതാണ് ഇന്ത്യൻ ഭരണഘടന. ഭരിക്കുന്നവരുടെ നിയമമല്ല ഭരിക്കപ്പെടുന്നവരുടെ നിയമമാണ് ഭരണകർത്താവ് നടപ്പിലാക്കേണ്ടതെന്ന സിദ്ധാന്തം പൗരാണിക ഭാരതീയ ജനപദങ്ങളിലും ഇംഗ്ലണ്ടിലെ മാഗ്നാകാർട്ട കാലം മുതലും, മധ്യകാല ഇന്ത്യയിൽ, സുൽത്താൻ ഇൽത്തുമിഷിന്റെ കാലം മുതലും അംഗീകരിക്കപ്പെട്ടതാണ്. ഇതനുസരിച്ച്

നാം ജനങ്ങൾ തന്നെ എഴുതിയുണ്ടാക്കിയ ഭരണഘടന 1949 നവംബർ 26ന് നാം നമുക്കു തന്നെ നൽകുകയായിരുന്നു.

ഇപ്പോഴത്തെ ഇന്ത്യൻ ജനസംഖ്യയും 1950 മുതൽ നാളിതുവരെയുള്ള വാർഷിക മരണനിരക്ക് വച്ച് തിട്ടപ്പെടുത്തിയാണ് ഏതാണ്ട് 226 കോടിയിലേറെപ്പേരുടെ ജീവിതത്തെയാണ് നമ്മുടെ ഭരണഘടന സ്വാധീനിച്ചിട്ടുള്ളത്. ഇന്ത്യയുടെ ആയുസ്സിന്റെ പുസ്തകം എന്നാണ് ഭരണഘടനാ ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്. ഇപ്പോഴും എഴുതിതീരാത്ത പുസ്തകമാണിത്. മാറ്റങ്ങൾ വരുത്തുന്നതിൽ അതിൽ തന്നെ വ്യവസ്ഥയുണ്ട്.

രാജ്യങ്ങളുടെ എഴുതപ്പെട്ട ഭരണഘടനയ്ക്ക് 17 വർഷമാണ് ശരാശരി ആയുസ്സ്. 235 വയസ്സുള്ള യു.എസ്. ഭരണഘടനയും 75 തികയുന്ന ഇന്ത്യൻ ഭരണഘടനയുമാണ് അതിനു പ്രധാന അപവാദങ്ങൾ.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നിന്നു സ്വാതന്ത്ര്യത്തിലേക്കു സമരം ചെയ്തു കയറുമ്പോൾ നാട്ടുരാജ്യങ്ങളെ കോർത്തിണക്കി നമ്മൾ സൃഷ്ടിക്കുന്നത് മതനിരപേക്ഷ ജനാധിപത്യ രാജ്യമായിരിക്കണമെന്നു ദേശീയ നേതാക്കൾക്ക് വ്യക്തമായ ബോധ്യമുണ്ടായിരുന്നു. ഭരണഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് ഭരണഘടനാസഭയിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ച പ്രമേയം അതിനു അടിവരയിട്ടു.

ഉൾക്കൊള്ളലിന്റെയും, തുല്യതയുടേയും സാമൂഹ്യ നീതിയുടെയും ഭാഷയിലാണ് ഭരണഘടന രാഷ്ട്രത്തോടു സംസാരിക്കേണ്ടത് എന്നായിരുന്നു മറ്റൊരു ബോധ്യം. അതിനാലാണ് കോൺഗ്രസ് ആശയങ്ങളുടെ വക്താക്കൾ നിറഞ്ഞ സഭ തങ്ങളുടെ നിലപാടുകളോടു യോജിപ്പില്ലാത്ത ഡോ.ബി.ആർ. അംബേദ്കറെ ഭരണഘടനയുടെ കരട് തയ്യാറാക്കാനുള്ള സമിതിയുടെ അധ്യക്ഷനായി തിരഞ്ഞെടുത്തത്.

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്തക്കും അതിന്റെ പ്രകടനത്തിനും വിശ്വാസത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം, പദവിയിലും അവസരങ്ങളിലും തുല്യത, വ്യക്തിയുടെ അന്തസ്സ് ഉറപ്പാക്കുന്ന സാഹോദര്യം എന്നിവ പൗരർക്കുള്ള വാഗ്ദാനമായി ഭരണഘടനയുടെ ആമുഖത്തിൽ തന്നെ തിളങ്ങി നിൽക്കുന്നു.

രാജ്യം ഭരണഘടനാധിഷ്ഠിത ജീവിതം തുടങ്ങിയപ്പോൾ മുതലേ പലവിധമായ വെല്ലുവിളികളും ഒപ്പം കൂടി. ജനാധിപത്യ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തെ മാറ്റാൻ പാർലമെന്റിന് അധികാരമില്ലെന്ന് കേശവാനന്ദ് ഭാരതി കേസിൽ വിധിച്ചു.

പലയിടത്തും ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങളും ഭരണഘടനയോടുള്ള വെല്ലുവിളിയായി കാണേണ്ടതുണ്ട്. ലോക്സഭയിൽ ഡപ്യൂട്ടി സ്പീക്കർ എന്ന പദവി ഭരണഘടനാ വ്യവസ്ഥയല്ലെന്ന മട്ടിലുള്ള സമീപനം, ജമ്മു കാശ്മീരിന്റെ സംസ്ഥാന പദവി

പുനഃസ്ഥാപിക്കാത്തതും മണിപ്പൂരിലെ അശാന്തിയും വെല്ലുവിളി സ്വഭാവമുള്ളവ തന്നെയാണ്.

മതനിരപേക്ഷതയെ അടിസ്ഥാന സ്വഭാവമാക്കിയാണ് രാഷ്ട്രം സങ്കൽപ്പിക്കപ്പെട്ടത്. ഭരണഘടനയുടെ ആഭിമുഖ്യത്തിൽ മതനിരപേക്ഷ, സോഷ്യലിസ്റ്റ് എന്നീ പദങ്ങൾ 1976ൽ ചേർത്തതിനെക്കുറിച്ച് അടുത്തകാലത്ത് ചിലർക്കുണ്ടായ അതൃപ്തി അസ്ഥാനത്തെന്നു വ്യക്തമാക്കി. തൊട്ടടുത്ത് സുപ്രീം കോടതി നൽകിയ വിധി ആ സങ്കൽപ്പത്തിന്റെ പ്രാധാന്യവും സവിശേഷതയും അടിവരയിട്ടു പറഞ്ഞിരിക്കുകയാണ്. തുല്യത, സാഹോദര്യം, അന്തസ്സ്, അഭിപ്രായ സ്വാതന്ത്ര്യം, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, മത-വിശ്വാസ സ്വാതന്ത്ര്യം തുടങ്ങിയ അടിസ്ഥാന മൂല്യങ്ങൾ മതനിരപേക്ഷ ധാർമ്മികതയുടെ ഭാഗം തന്നെയാണെന്ന് കോടതി അസന്നിഗ്ദമായി പറഞ്ഞിരിക്കുന്നത്.

നമ്മുടെ ഭരണഘടന വിജയിച്ചോ? എന്നാണ് നമ്മുടെ ചിന്തയെങ്കിൽ അതിൽ സങ്കൽപ്പിച്ച ഇന്ത്യ വലിയൊരളവുവരെ സാങ്കൽപികമായി തന്നെ തുടരുകയാണെങ്കിലും രാഷ്ട്രീയമായി നമുക്ക് നിലനിൽക്കാൻ സാധിച്ചതുതന്നെ ഭരണഘടനയുടെ വിജയമെന്നു പറയാം.

ഭരണഘടന നിർജീവമായൊരു പ്രമാണ ഗ്രന്ഥമല്ല. ഭരണഘടനാധിഷ്ഠിത മനോഭാവത്തോടെ പ്രവർത്തിച്ച് ഭരണഘടനയെ ജീവസ്സുറ്റതാക്കി നിലനിർത്താനും അതിലൂടെ രാഷ്ട്രത്തെ മുന്നോട്ടു കൊണ്ടുപോകാനുള്ള മുഖ്യ ഉത്തരവാദിത്വം ജനപ്രതിനിധികൾക്കാണ്.

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യ ബോധത്തോടെയുള്ള സമീപനമുണ്ടാകുമ്പോഴാണ് ഭരണഘടനാ മൂല്യങ്ങളെ അർത്ഥവത്താക്കുന്ന സമൂഹമായി ഇന്ത്യ മാറുക. അതിന് ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്തം ഓർമ്മിപ്പിക്കുന്നതു കൂടിയാണ് റിപ്പബ്ലിക് ദിനം.

"ഭരണഘടനാ സഭ നമുക്ക് നൽകിയത് രാജ്യത്തിനായുള്ള പുതിയ ചട്ടക്കൂടു മാത്രമല്ല ജീവിതത്തിനായുള്ള ചട്ടക്കൂടു കൂടിയാണ്"

**(ഭരണഘടനാ സഭയിൽ ഏക ദലിത് വനിതാ അംഗം ദാക്ഷായണി വേലായുധൻ)**



# ചിരി ജീവിതത്തിൽ അനിവാര്യമാണോ ?

**ഡോ. ജിയോ ജോയ്. കെ**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
ഫോൺ : 9400633632

## എന്താണ് പുഞ്ചിരി :

മുഖത്തെ പ്രധാനമായും വായയുടെ ഇരുവശത്തുമുള്ള പേശികളെ വളയ്ക്കുന്നത് മൂലം സൃഷ്ടിക്കപ്പെടുന്ന മുഖഭാവമാണ് പുഞ്ചിരി.

മനുഷ്യരിൽ സുഖം, സന്തോഷം, ഉല്ലാസം എന്നിവ പ്രകടിപ്പിക്കുമ്പോഴാണ് സാധാരണയായി പുഞ്ചിരി പ്രത്യക്ഷപ്പെടുന്നത്. ലോകമെമ്പാടും വികാരങ്ങൾക്ക് ആശയവിനിമയം നടത്താനുള്ള ഒരു മാധ്യമമാണ് പുഞ്ചിരി എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പുഞ്ചിരിക്കായി ഒരു ദിവസം തന്നെ മാറ്റിവയ്ക്കാൻ ലോകം തീരുമാനിച്ചത്, അതിന് അത്രയേറെ പ്രാധാന്യം അർഹിക്കുന്നത് കൊണ്ടാകാം. ഒക്ടോബർ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച അങ്ങനെ ലോക പുഞ്ചിരിദിനമായി. ഒന്ന് പുഞ്ചിരിക്കുന്നത് അത്രയേറെ ബുദ്ധിമുട്ടേറിയ കാര്യമൊന്നുമല്ല. പുഞ്ചിരി സ്നേഹബന്ധം, ഊട്ടിയുറപ്പിക്കുന്നതോടൊപ്പം തന്നെ ആരോഗ്യപരമായും ഒരുപാട് ഗുണങ്ങൾ നൽകുന്നു.

*പുഞ്ചിരിയുടെ നേട്ടങ്ങൾ :*

- ഹൃദയാഘാതത്തെ അകറ്റി നിറുത്തുന്നു.
- രക്തസമ്മർദ്ദത്തെ കുറയ്ക്കാൻ സഹായിക്കുന്നു.
- മാനസിക സമ്മർദ്ദം കുറയ്ക്കുന്നു.
- പ്രതിരോധ ശക്തി കൂട്ടുന്നു.
- പ്രകൃതിദത്തമായ ഒരു വേദന സംഹാരിയായി പുഞ്ചിരിയെ കണക്കാക്കാം.
- ആത്മവിശ്വാസം കൂടാൻ കാരണമാകുന്നു.
- പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
- യുവത്വം നിലനിർത്താൻ സഹായിക്കുന്നു.
- മറ്റുള്ളവരെ ആകർഷിക്കാൻ സഹായിക്കുന്നു.
- ആയുസ്സ് കൂട്ടാനുള്ള മരുന്നായി പോലും പുഞ്ചിരിയെ കരുതുന്നു.

ക്രിസ്തീയ ആത്മീയതയും പുഞ്ചിരിയും :

രണ്ടും വളരെ ബന്ധപ്പെട്ടിരിക്കുന്നു.

- ക്രിസ്തീയ ആത്മീയത എന്നാൽ ആപത്തിൽ സന്തോഷം കണ്ടെത്തുന്നതാണ്. അതാണ് ഒരാളുടെ പുഞ്ചിരിയിലൂടെ പ്രതിഫലിക്കുന്നത്.
- ക്രിസ്തീയ ആത്മീയതയുടെ ഫലം എന്നത് ആന്തരിക സമാധാനമാണ്. അതും പ്രതിഫലിക്കുന്നത് പുഞ്ചിരിയിലൂടെയാണ്.
- ക്രിസ്തീയ ആത്മീയത ഊന്നൽ കൊടുക്കുന്നത് മറ്റുള്ളവർക്ക് സ്നേഹവും സഹായവും കൊടുക്കുന്നതിലാണ്. അത് ചെയ്യുമ്പോൾ നമ്മുടെ മുഖത്ത് കാണുന്നത് പുഞ്ചിരിയാണ്.
- ക്രിസ്തീയ ആത്മീയതയുടെ ഒരു മുഖമുദ്ര പോസിറ്റീവ് എനർജിയാണ്. അത് പുഞ്ചിരിയി ലൂടെയാണ് പുറത്ത് വരുന്നത്.
- ക്രിസ്തീയ ആത്മീയതയിൽ പ്രധാനപ്പെട്ടത് ദൈവത്തോടുള്ള വിശ്വാസമാണ്. അതിലൂടെ സമാധാനവും, സന്തോഷവും, സ്നേഹവും നമ്മിലുണ്ടാകുന്നു. അതും പുഞ്ചിരിയിലൂടെയാണ് പുറത്തുവരുന്നത്.
- പുഞ്ചിരി ദൈവത്തോടുള്ള ആരാധനയുടേയും സ്തുതിയുടെയും മുഖഭാവമായിട്ടും കരുതുന്നു.
- പുഞ്ചിരിയിലൂടെ മറ്റുള്ളവരുമായി നമ്മെ ബന്ധിപ്പിച്ച് ക്രിസ്തീയ ആത്മീയതയുടെ ആണിക്കല്ലായ ഒരു ഉറച്ച സമൂഹം കെട്ടിപ്പൊക്കാൻ സഹായിക്കുന്നു.

ഒരു പുഞ്ചിരി ഉണ്ടായിരുന്നെങ്കിൽ ലോക ചരിത്രത്തിലെ പല യുദ്ധങ്ങളും ഇല്ലാതാകുമായിരുന്നു. എത്രത്തോളം അതിൽ വാസ്തവം ഉണ്ട് എന്നതിലല്ല കാര്യം; അതിനേക്കാളുപരി പുഞ്ചിരി എന്ന മാധ്യമത്തിന്റെ മഹത്വമാണ് അതിലൂടെ നാം കാണുന്നത്.

*വാൽകഷ്ണം :*

ഇപ്പോൾ പുഞ്ചിരിച്ചില്ലെങ്കിൽ പിന്നെ എപ്പോഴാണ് ???





# സമാധാനം നിന്നോടുകൂടെ

**ഡോ. കെ.എം. ഫ്രാൻസിസ്**

അനുദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്ന വാക്കുകളിൽ പ്രധാനപ്പെട്ടതാണ് സമാധാനം. വി. കുർബ്ബാനയിൽ അഭിവാദനം ചെയ്യുന്നു "സമാധാനം നിന്നോടുകൂടെ" തിരിച്ച് ഉത്തരം പറയുന്നു "സമാധാനം നിന്നോടും നിന്റെ ആത്മാവോടും കൂടി". യേശു പറയുന്നു "നിങ്ങൾ ഏത് ഭവനത്തിൽ പ്രവേ ശിച്ചാലും ആ ഭവനത്തിന് സമാധാനം ആശംസിക്കുവിൻ". മറ്റൊരിക്കൽ പറയുന്നു "സമാധാനം സ്ഥാപിക്കു ന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും". മറ്റൊരിടത്ത് പറയുന്നു, "ഞാൻ നിങ്ങൾക്കു നൽകുന്ന സമാധാനം ആർക്കും നിങ്ങളിൽനിന്ന് എടുത്തുമാറ്റുക സാധ്യമല്ല" മുകളിൽ പറഞ്ഞ പ്രസ്താവനകളെ മുഖവിലക്കെടുത്തവരാണ് യേശുവിനെ സമാധാന രാജാവെന്ന് നാമകരണം ചെയ്തത്.

എന്താണ് സമാധാനം ?

ഭൗതീക ലോകത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾക്ക് അർത്ഥം കണ്ടെത്താൻ എളുപ്പമാണ്. ഉദാഹരണത്തിന് ചക്ക എന്ന പദം കേട്ടാൽ ചക്ക എന്ന പദാർത്ഥം നമുക്ക് ഓർമ്മ വരും. നാളികേരം, നായ, പൂച്ച, കോഴി, കാർ, ബസ്, കടലാസ്, പേന എന്നീ വാക്കുകളെല്ലാം ചില വസ്തുക്കളെ സൂചിപ്പിക്കുന്നതുകൊണ്ട് അവയാണ് ആ പദത്തിന്റെ "അർത്ഥം" അഥവാ "പദാർത്ഥം".

വാക്കുകൾ സൂചിപ്പിക്കുന്ന പദാർത്ഥം കാണാനില്ലെങ്കിൽ അവയുടെ അർത്ഥം ജീവിതത്തിൽ നിന്നാണ് കണ്ടെത്താൻ കഴിയുക. ഉദാഹരണമായി സത്യം, സമത്വം, സ്നേഹം, സ്വാതന്ത്ര്യം, സമാധാനം മുതലായ വാക്കുകളുടെ അർത്ഥം കാണുകയോ തൊടുകയോ ചെയ്യാൻ കഴിയാത്തവയാണ്. മനുഷ്യ ജീവിതത്തേയും, ചരിത്രത്തേയും വിശകലനം ചെയ്തുകൊണ്ടാണ് ഇത്തരം വാക്കുകളുടെ അർത്ഥത്തെ നാം അന്വേഷിക്കേണ്ടത്.

ശ്വാസകോശ സംബന്ധമായ രോഗം ബാധിച്ച ഒരു മനുഷ്യനെ കണ്ടപ്പോഴാണ് സമാധാനത്തിന്റെ അർത്ഥത്തെക്കുറിച്ച് ആദ്യം മനസ്സിലായത്. ആരോഗ്യമുള്ളവർ ശ്വസിക്കുമ്പോൾ അവർക്ക് ശ്വാസോഛ്വാസം നടക്കുന്നതായി അനുഭവപ്പെടുന്നില്ല. ശ്വസിക്കുക എന്നത് ശ്വാസകോശങ്ങളുടെ കടമയാണ്, അവ അത് നിർവ്വഹിക്കുമ്പോൾ അവയ്ക്ക് ഭാരം അനുഭവപ്പെടുന്നില്ല. അവ വിശ്രമിക്കുകയാണോ, അദ്ധ്വാനിക്കുക യാണോ? അദ്ധ്വാനിക്കുമ്പോൾ തന്നെ വിശ്രമിക്കുന്നു. അദ്ധ്വാനിക്കുമ്പോൾ തന്നെ

വിശ്രമിക്കുന്നതാണ് സമാധാനം. ഒരു സ്ത്രീക്ക് ഗർഭത്തിൽ കുഞ്ഞിനെ വഹിക്കുന്നത് ഭാരമല്ല. എന്നാൽ കുഞ്ഞ് ഭാരമാകു മ്പോൾ അമ്മയുടെ സമാധാനം നഷ്ടപ്പെടുന്നു, വിശ്രമം സാധ്യമല്ലാതാകുന്നു. അതുകൊണ്ട് സമാധാനമെന്ന വാക്കിനെ താഴെപ്പറയുന്നവിധം നിർവ്വചിക്കാം. മനുഷ്യ സ്വഭാവത്തിൽ ലിഖിതമായ പ്രവർത്തികൾ ആയാസ രഹിതമായി (അനായാസം) പ്രവർത്തിക്കാൻ ഒരുവന് കഴിയുമ്പോൾ ഒരുവനുണ്ടാകുന്ന സന്തോഷമാണ് സമാധാനം.

**മനുഷ്യനിൽ ആലേഖനം ചെയ്ത കടമകളുണ്ടോ?**

കണ്ണിന്റെ കടമ കാണുക എന്നതാണ്, ഹൃദയത്തിന്റെ കടമ രക്തം പമ്പുചെയ്യുക എന്നതാണ്, ആമാശയത്തിന്റെ കടമ ഭക്ഷണം ദഹിപ്പിക്കുക എന്നതാണ്. ഇവയെല്ലാം ഈ കടമ നിർവ്വഹിക്കുന്നതിൽ നിന്ന് പിൻവലിയുമ്പോൾ നാം അസുഖ ബാധിതരാകുന്നു. അതുപോലെ മനുഷ്യനാകാൻ ചെയ്യേണ്ട പ്രവർത്തി ഏതാണ് ? ആ പ്രവർത്തി ചെയ്യുമ്പോൾ മനുഷ്യനാകുന്നു അവന്റെ ആത്മ സന്തോഷം വർദ്ധി ക്കുന്നു. മനുഷ്യൻ എന്തായിരിക്കുന്നുവോ അതായിരിക്കുന്ന സമാധാനം.

പുതിയ നിയമ പശ്ചാത്തലത്തിൽ മനുഷ്യന് ദൈവം നൽകിയ സ്വഭാവം സ്നേഹമാണ്. ദൈവ ത്തിന്റെ ഛായ സ്നേഹമാണ്, ഈ ഛായയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അതിനാൽ സ്നേഹിക്കു ന്നവൻ മനുഷ്യനാകുന്നു, അവൻ സ്വയം അറിയുന്നു, അവൻ ദൈവത്തെ അറിയുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെയോ അവനവനെയോ അറിയുന്നില്ല. വി. കൊച്ചുത്രേസ്യയുടെ വാക്കുകളിൽ ഏക ദൈവവിളി സ്നേഹിക്കുക എന്നതാണ്. വി. പൗലോസിന്റെ വാക്കുകളിൽ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു മാവ് മാവാകുന്നത് മാങ്ങ നൽകുമ്പോഴാണ്. ഫലത്തിൽ നിന്നാണ് ഒരു വൃക്ഷത്തെ തിരിച്ചറിയുന്നത്. അതുപോലെ പുതിയ നിയമ പശ്ചാത്തലത്തിൽ ഒരുവൻ മനുഷ്യനാകുന്നത് സ്നേഹിക്കുന്നതിലൂടെയാണ്. അതിനാൽ സ്നേഹിക്കുമ്പോൾ ഒരുവന് ലഭിക്കുന്ന ആത്മ സന്തോഷമാണ് സമാധാനം. അതിലൂടെ അവൻ സ്വന്തം സ്വഭാവത്തിനനുസരിച്ച് പ്രവർത്തിക്കുന്നു.

എന്താണ് സ്നേഹം ?

സ്നേഹമെന്ന വാക്കിന്റെ അർത്ഥവും മനുഷ്യ ജീവിതത്തെ വിശകലനം ചെയ്തുകൊണ്ടാണ് നാം മനസ്സിലാക്കേണ്ടത്. ഒരു ശിശുവായിരിക്കുമ്പോൾ നാം മാതാപിതാക്കളുടെ ദാനം സ്വീകരിച്ചു കൊണ്ടാണ് ജീവിക്കുന്നത്. അവിടെ മാതാപിതാക്കൾ നൽകുന്നു ഞാൻ സ്വീകരിക്കുന്നു. എന്നാൽ മറ്റുചില സ്ഥലങ്ങളിൽ നാം മറ്റുള്ളവർക്ക് നൽകു ന്നു അവർ നാം നൽകിയതിന് തത്തുല്യമായി തിരിച്ചു നൽകുന്നു. ഈ പ്രവർത്തിയെ നീതി (Justice) എന്ന് നാമകരണം ചെയ്യുന്നു. എന്നാൽ ഞാൻ മാതാവും പിതാവുമായി മാറുമ്പോൾ സ്വീകരിക്കാതെ മക്കൾക്ക് നൽകുന്നു. സ്വീകരിക്കാതെ നൽകുന്നതാണ് സമ്പൂർണ്ണ സ്നേഹം.(agape). ഗ്രീക്ക്

തത്വചിന്തയുടെ വാക്കുകളിൽ സ്വീകരിക്കുന്ന സ്നേഹമാണ് ഈറോസ് (eros); നൽകുന്നതിനനുസരിച്ച് സ്വീകരിക്കുകയും, സ്വീകരിക്കുന്നതിനനുസരിച്ച് നൽകുകയും ചെയ്യുന്നതാണ് സാഹോദര്യം അഥവ സുഹൃദ്ബന്ധം (filia), സ്വീകരിക്കാതെ നൽകുന്നതാണ് സമ്പൂർണ്ണ സ്നേഹം (agape). ദൈവം മനുഷ്യവർഗ്ഗത്തോട് കാണിക്കുന്ന സ്നേഹമാണ് സമ്പൂർണ്ണ സ്നേഹം (agape). ഈ സ്നേഹമാണ് യേശു കുരിശിൽ പ്രകടിപ്പിച്ചത്. ഈ സ്നേഹം പ്രകടിപ്പിക്കനാണ് ദൈവം മനുഷ്യന്റെ ഹൃദയത്തിൽ ആലേഖനം ചെയ്തത്. ഈ സ്നേഹം കുടുംബത്തിലും, തൊഴിലിടങ്ങളിലും, രാഷ്ട്രത്തിലും പ്രകടിപ്പിക്കുന്നവനിൽ സമാധാനം നിറയുന്നു.

നാം ഇന്നും സ്വീകരിക്കുന്ന സ്നേഹത്തിൽ നിലനിൽക്കുകയാണോ? എന്നെ അപ്പൻ സ്നേഹിച്ചില്ല, അമ്മ സ്നേഹിച്ചില്ല, ജീവിത പങ്കാളി സ്നേഹിച്ചില്ല, മക്കൾ സ്നേഹിക്കുന്നില്ല, സമൂഹം സ്നേഹിക്കുന്നില്ല എന്നീ പരാതികൾ പേറുന്നവർ ശൈശവ ദശയിലെ ഹൃദയം ചുമക്കുന്നവരാണ്. സ്വീകരിക്കുന്ന സ്നേഹ ത്തിൽ നിന്ന് നൽകുന്ന സ്നേഹത്തിലേക്ക് വളരാൻ ശ്രമിക്കുന്നവരിൽ സമാധാനം നിറയുന്നു. സ്വീകരി ക്കുന്ന സ്നേഹത്തിൽ നിന്ന് നൽകുന്ന സ്നേഹത്തിലേക്ക് വളരാനുള്ള ശക്തിയാണ് യേശുവിലൂടെ നൽകപ്പെടുന്ന പരിശുദ്ധാത്മാവ് പ്രദാനം ചെയ്യുന്നത്. അങ്ങിനെ യേശുവിന്റെ സമാധാനം നമ്മിൽ നിറയട്ടെ.

## ഓർമ്മിക്കാൻ ആചരിക്കാൻ
## ജനുവരി - 2025

| | | |
|---|---|---|
| 1 ബുധൻ | : | നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം) വർഷാരംഭം |
| 3 വെള്ളി | : | ആദ്യവെള്ളി, ദൈവമാതൃത്വത്തിരുനാൾ (വി. കുര്യാക്കോസ് ഏലിയാസ്) |
| 6 തിങ്കൾ | : | ദനഹാ തിരുനാൾ |
| 10 വെള്ളി | : | വി.യോഹന്നാൻ മാംദാന |
| 14 ചൊവ്വ | : | വി.ദേവസഹായം വേ |
| 17 വെള്ളി | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |
| 20 തിങ്കൾ | : | വി. സെബസ്ത്യാനോസ് |
| 24 വെള്ളി | : | വി. സുവിശേഷകൻമാർ |
| | | വി. ഫ്രാൻസിസ് സാലസ് |
| 25 ശനി | : | വി. പൗലേസിന്റെ മാനസാന്തരം |
| | : | വി. തിമോത്തേയോസും തീത്തോസും |
| 26 ഞായർ | : | ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം |
| 28 ചൊവ്വ | : | വി. തോമസ് അക്വിനാസ് |
| 30 വ്യാഴം | : | ലോകസമാധാനദിനം |
| 31 വെള്ളി | : | വി. എസ്തപ്പാനോസ് വി. ജോൺ ബോസ്കോ |

# ചിരി ജീവിതത്തിൽ അനിവാര്യമാണോ ?

**ആൻഡ്രൂസ് എ. എസ്**

നിർമ്മലമാതാ യൂണിറ്റ്



ചിരി ജീവിതത്തിൽ അനിവാര്യമാണോ? എന്ന വിഷയത്തെക്കുറിച്ച് എഴുതുവാൻ ഞങ്ങളുടെ കുടുംബ കൂട്ടായ്മ ഭാരവാഹി ആവശ്യപ്പെട്ടപ്പോൾ, ആദ്യം, ഞാൻ ആ ആവശ്യത്തെ ചിരിച്ചു തള്ളുകയാണുണ്ടായത്. പിന്നീട് ആലോചിച്ചപ്പോൾ ചിരിയിൽ സംഗതിയുണ്ടെന്നു തോന്നി. ഈയവസരത്തിൽ പെട്ടെന്ന് മനസ്സിലേക്ക് ഓടിയെത്തിയത് പ്രശസ്ത ചിന്തകനും, സാഹിത്യകാരനുമായ ജോസഫ് അഡിസൺ (Joseph Addison) പറഞ്ഞ വാക്കുകളാണ് – "പൂക്കൾക്ക് സൂര്യപ്രകാശമേൽക്കുന്നതു പോലെയാണ് മനുഷ്യരാശിക്ക് ചിരി"

മനുഷ്യൻ സമൂഹത്തിൽ ജീവിക്കുന്നവനാണ്. സഹജീവികളോട് കാണിക്കുന്ന സ്നേഹവും, കരുതലും സമൂഹത്തിൽ സമാധാനമു ണ്ടാക്കുന്നു. അതുകൊണ്ടായിരിക്കണം, സമൂഹത്തിന്റെ താഴെ തട്ടിലേക്ക് ഇറങ്ങിച്ചെന്ന് സ്നേഹവും, കരുതലും നിർലോഭം ചൊരിഞ്ഞ വിശുദ്ധ മദർ തേരേസ (Mother Teresa) ഒരിക്കൽ പറഞ്ഞത് സമാധാനം ആരംഭിക്കുന്നത് പുഞ്ചിരിയോടുകൂടിയാണെന്ന്.

സമൂഹമായി ജീവിക്കുന്ന മനുഷ്യൻ സന്തോഷത്തിനും, ദുഃഖത്തിനും വശംവദനാണ്. ദുഃഖത്തിൽ കരയുവാനും, സന്തോഷത്തിൽ ചിരിക്കുവാനും സാധിക്കുന്നുണ്ടെങ്കിൽ അവനാണ് ശരിയായ മനുഷ്യൻ. ദുഃഖാവസ്ഥയിൽ അതിനെ മറച്ച് ചിരിക്കുവാൻ സാധിക്കുന്നവരെ കാണുവാൻ സാധിക്കും. അവർ സാധാരണ നിലയിൽ (level)നിന്നും ഉയർന്നു നിൽക്കുന്നവരാണ്. പ്രസിദ്ധ ചിത്രകാരൻ ലിയനാർഡോ ഡാവിഞ്ചി (Leonado da Vinci)യുടെ അഭിപ്രായത്തിൽ അദ്ദേഹത്തിന് ഏറ്റവും സ്നേഹിക്കാൻ ആഗ്രഹം തോന്നുന്നത് കഷ്ടപാടിലും, സങ്കടങ്ങളിലും ചിരിക്കാൻ കഴിയുന്ന മുനുഷ്യരെയെന്നാണ്.

ചിരിയെക്കുറിച്ച് ലോകത്തിൽ വളരെ അധികം ചർച്ച ചെയ്യപ്പെട്ടതാണ് ലിയനാർഡോ ഡാ വിഞ്ചിയുടെ മോണാലിസ പെയിന്റിംഗ്. ലോകത്തിലെ ഏറ്റവും വലിയ കലാ വിസ്മയമാണ് ഈ പെയിന്റിംഗ്. ഈ പെയിന്റിംഗ് പൂർത്തീകരിക്കാൻ ഡാവിഞ്ചി 14 മുതൽ 19 വർഷം വരെ എടുത്തു എന്നു പറയപ്പെടുന്നു. ചിത്രകലാരാധകർ ഏറെ ഇഷ്ടപ്പെടുന്നതാണ് മോണാലിസയുടെ പുഞ്ചിരി. മോണാലിസയുടെ നേർത്ത ചിരിയിൽ ഡാവിഞ്ചി നിഗൂഢതകൾ ഒളിപ്പിച്ചു വച്ചിട്ടുണ്ടായിരുന്നുവോ എന്നുള്ള അന്വേഷണങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

പഴയ നിയമത്തിൽ ദൈവം അബ്രഹാമിനോട് നിനക്ക് സാറായിൽ ഒരു പുത്രൻ ജനിക്കുമെന്ന് അറിയിക്കുമ്പോൾ അബ്രഹാം ചിരിക്കുന്നതായി അടയാളപ്പെടുത്തിയിട്ടുണ്ട്. നൂറ് (100) വയസ് പ്രായമുള്ള എനിക്ക് ഒരു മകൻ പിറക്കുകയോ എന്നതിശയമായിരിക്കാം ഈ ചിരിക്ക് ഹേതു. പക്ഷേ, ദൈവത്തിലുള്ള ആഴമേറിയ വിശ്വാസം ഈ സംഭവത്തിനു മുന്നേ അദ്ദേഹത്തിനുണ്ടായിരുന്നു.

സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യന് പുരോഗതിയിലേക്ക് നയിക്കുവാൻ ചിരി ഒരു ചാലക ശക്തിയാണ്. ഞാൻ 1981–84 കാലഘട്ടത്തിൽ തമിഴ്നാട്ടിൽ ആർക്കോണം എന്ന സ്ഥലത്തായിരുന്നു ജോലി ചെയ്തിരുന്നത്. തമിഴ്നാട്ടിലെ നോർത്ത് ആർക്കോട്ട് ജില്ലയിലെ തക്കോലം എന്ന വില്ലേജിൽ നിന്നും കെ. ചന്ദ്രശേഖർ ഞങ്ങളുടെ അസിസ്റ്റൻഡ് മാനേജറായി ജോലിയിൽ പ്രവേശിക്കുന്നു. എല്ലാവരോടും ചിരിച്ചുകൊണ്ട് ഇടപഴകുന്ന അദ്ദേഹത്തോട് അടുക്കുവാൻ ഞങ്ങൾക്കും ഉത്സാഹമായിരുന്നു. ഓഫീസിലുണ്ടായിട്ടുള്ള പല വിഷമ സന്ദർഭങ്ങളിലും ചിരിയോടുകൂടിയിട്ടുള്ള അദ്ദേഹത്തിന്റെ സമീപനം പ്രശ്നങ്ങളെ തണുപ്പിക്കുവാൻ സാധിക്കുമായിരുന്നു. ഒരു ദിവസം കൗണ്ടറിലിരിക്കുന്ന ജീവനക്കാരനും ഇടപാടുകാരായ രണ്ടു പേരും തമ്മിൽ ഭയങ്കര ബഹളമുണ്ടാകുന്നു. എന്തും സംഭവിക്കാം എന്ന അവസ്ഥയിലെത്തുമ്പോൾ, അവർക്കു പിന്നിൽ ഇതെല്ലാം ശ്രദ്ധിച്ചിരുന്ന ചന്ദ്രശേഖർ തന്റെ സ്വതസിദ്ധമായ ശൈലിയിൽ സീറ്റിൽ നിന്നും എഴുന്നേറ്റ് പ്രശ്നത്തിൽ ഇടപെടുന്നു. മുഖത്തെ ചിരിമായാതെ തന്നെ, നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു. 15 മിനിറ്റിനകം ഓഫീസിൽ ശാന്തത തിരിച്ചെത്തുന്നു. പ്രശ്നമുണ്ടാക്കിയ രണ്ടുപേർ ചന്ദ്രശേഖറിന് കൈ കൊടുത്ത് സുഹൃത്തുക്കളെ പോലെ പിരിഞ്ഞുപോകുന്നു. പിന്നീട് അദ്ദേഹത്തോട് ആ സമയത്ത് ഇങ്ങിനെ പെരുമാറാൻ എങ്ങിനെ കഴിയുന്നു എന്നു ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി, ചിരിക്കാനുള്ള കഴിവ് എല്ലാവർക്കും ഉള്ളതാണ്. അത് ശരിയായ രീതിയിൽ തന്റെ സഹവാസികളിൽ ഉപയോഗിക്കാനുള്ള കരുത്താണ് ആർജിച്ചെടുക്കേണ്ടത് എന്നായിരുന്നു. അദ്ദേഹം ഉദ്യോഗത്തിൽ പല ശ്രേണികളിലേക്ക് ഉയരുകയും ഇപ്പോൾ വിശ്രമജീവിതം നയിക്കുകയും ചെയ്യുന്നു. ഇന്നും, അതായത് 40 വർഷത്തിനു ശേഷവും അദ്ദേഹത്തിന്റെ പേരും, ഊരും, സ്വതവേ മറവിക്കാരനായ എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നതിനുള്ള കാരണം അദ്ദേഹത്തിന്റെ പ്രസന്നമായ മുഖഭാവം തന്നെ.



വൈദ്യശാസ്ത്രത്തിൽ ചിരികൊണ്ട് നമ്മൾക്ക് അനുഭവപ്പെടുന്ന സമ്മർദ്ദം (stress) കുറക്കുവാൻ സാധിക്കുമെന്നു പറയുന്നു. ചിരിക്കുന്ന സമയത്ത് നമ്മുടെ ശരീരത്തിൽ ന്യൂറോ ട്രാൻസ്മീറ്റേഴ്സ് (Neuro transmitters) ആയ ഡോപാമിൻ

(dopamine), സെറോട്ടോനിൻ (serotonin) എന്നീ ശരീരത്തിനും, മനസ്സിനും സുഖകരമായ അവസ്ഥ നൽകുന്ന രാസവസ്തുക്കൾ ഉണ്ടാക്കപ്പെടുന്നതായി കാണപ്പെടുന്നു. ചുരുക്കി പറഞ്ഞാൽ ചിരിക്കുമ്പോൾ ഉത്കണ്ഠ (anxiety) കുറച്ച് നല്ല അവസ്ഥ (good mood) നിലനിർത്താൻ സാധിക്കുന്നു.

ഒരു മുതൽമുടക്കുമില്ലാതെ ആർക്കും, എപ്പോഴും കൊടുക്കാൻ സാധിക്കുന്ന ഒരു പോസറ്റീവ് എനർജിയാണ് ചിരി. കൊടുക്കുന്നവനും വാങ്ങുന്നവനും ഒരേ പോലെ ലഭിക്കുന്ന പോസറ്റീവ് എനർജി. എന്നാൽ പിന്നെ ചിരിയെ നമ്മുടെ ജീവിതത്തിൽ ഒരു അനിവാര്യ ഘടകമാക്കി മാറ്റുക എന്നതല്ലേ ബുദ്ധി.

---

# ഗുരു എന്ന നിധി



ആൻമരിയ. സി.വി
മേരിമാത യൂണിറ്റ്

കവിതാരചന– ഒന്നാം സമ്മാനം

നിന്നെയൊന്ന് ഉടച്ചുവാർത്തീടുവാൻ
നിന്നെ മിനുക്കിയെടുത്തിടുവാൻ
നിന്നെയൊന്നഗ്നിയിൽ ശുദ്ധി ചെയ്തീടുവാൻ
ആകുന്നവനല്ലോ ഈ ഗുരു

നീതെറ്റുചെയ്തീടുമ്പോൾ നിന്നെയൊന്നടിച്ചിടാൻ
നീയൊന്ന് തളർന്നിടുമ്പോൾ നിന്നെയൊന്ന് ചേർത്തിടാൻ
നിന്റെ സ്വപ്നങ്ങൾക്കായി ചിറകേകിടാൻ
ഗുരുവോളം ആവില്ലാ ആവില്ലാർക്കുമേ

പാഠങ്ങൾ പറഞ്ഞുതന്നറിവേകിടും
ഗുരുവെന്ന രണ്ടക്ഷരത്തിൽ ഒന്നായി
ചേർന്നിടുമീ സ്നേഹവും ത്യാഗവും സാന്ത്വനവും
മാതാ–പിതാ–ഗുരു–ദൈവമെന്നോതിയതു വെറുതെയല്ല മകനേ

തൻമക്കളായ് നിങ്ങളെ ചേർത്തുന്നവൻ ഗുരു
നിങ്ങൾതൻ നിധിയാണെന്നോർക്കുക ഗുരു
ഗുരുവിൻ ശാപമേൽക്കരുതേ... അവൻ തൻ
ശിക്ഷണത്തിൽ നിൻ സ്വപ്നം നെയ്തിടുന്നു

നിന്നിലെ പ്രതിഭയെ കണ്ടെത്തുന്നവൻ ഗുരു
നിൻ ഉള്ളറിഞ്ഞിടും ചങ്ങാതിയും കണ്ണാടിയും ഗുരു
നിൻ കണ്ണീരൊപ്പി ഉയരത്തിലെത്തിച്ചിടും ഗുരു
എല്ലാമെല്ലാം ആയിടും കൺകണ്ടദൈവസമനവൻ ഗുരു

– – – – – – – – – – – – – – – – – – – – –



# പാലായനം

ചെറുകഥ 1st
വെട്രൻസ്

റോസ്മേരിപോൾ
വിമലനാഥ യൂണിറ്റ്

അമീർ ബാഗ് പായ്ക്ക് ചെയ്യുകയാണ്. അമ്മ പറഞ്ഞു ഏറ്റവും വേണ്ടപ്പെട്ടവ മാത്രം ഒതുക്കി വയ്ക്കാൻ. എന്തൊക്കെയാണ് എടുക്കേണ്ടത് ? എല്ലാം എനിക്ക് വേണ്ടപ്പെട്ടതാണല്ലോ. എന്റെ കളിപ്പാട്ട ങ്ങൾ, എന്റെ പുസ്തകങ്ങൾ, എന്റെ വസ്ത്രങ്ങൾ. എല്ലാം എങ്ങിനെ ഈ ബാഗിലാക്കും? ഏത് ഉപേക്ഷിക്കും? പിന്നീട് തിരിച്ചു വരുമെന്നാണ് അപ്പ പറഞ്ഞത്. എന്നായിരിക്കും അത്? അമ്മ വെപ്രാളത്തിൽ ഒരു ബാഗ് നിറച്ച് എന്തൊക്കേയോ കുത്തിനിറയ്ക്കുന്നു. എന്റെ കുഞ്ഞനിയത്തി അമ്മയുടെ ഒക്കത്തിരുന്ന് കരഞ്ഞുകൊണ്ടേയിരിക്കുന്നു. അവൾക്കെന്തോ പേടി കടന്നിട്ടുണ്ട്. കുറേ ദിവസമായല്ലോ വെടിയൊച്ചയും ബോംബിന്റെ ഭീകര ശബ്ദവും പുകയും ദീനരോദനങ്ങളും.

എന്തിനാണ് ഈ കഷ്ടതകൾ? യുദ്ധങ്ങൾ ? നമ്മൾ അതിർത്തിയായ ഗാസയിലാണ് അതുകൊണ്ട് ദൂരേയ്ക്ക് രക്ഷപ്പെടണം എന്ന് അപ്പ പറയുന്നു. എങ്ങോട്ടാണ് ഇനി പോവുക? അപ്പയുടെ കച്ചവടം ഇവിടെയല്ലേ? അപ്പയോട് ഒന്നും ചോദിയ്ക്കാൻ പറ്റുന്നില്ല. അമ്മയ്ക്കും വ്യസനവും കരച്ചിലും തന്നെ. കൂട്ടുകാരെ കണ്ടിട്ട് എത്ര ദിവസമായി ?

പാലസ്തീൻകാരായ നമ്മൾ എന്തു തെറ്റാണ് ചെയ്തത്? തലമുറകളായി നമ്മൾ ഇവിടെ താമസിക്കുന്നവരല്ലേ? ഇസ്രായേൽ വംശജനായ ഫ്രിതോസ് എന്റെ ആത്മാർത്ഥ സുഹൃത്തല്ലേ? ഞങ്ങൾ എത്രമാത്രം ഒരുമിച്ചു കളിക്കുകയും എന്റെ വീട്ടിൽ വന്ന് അവൻ ഭക്ഷണം കഴിക്കുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ അവനെന്റെ ശത്രുവാണോ? അല്ല. ഒരിക്കലുമല്ല. അവൻ എന്റെ പ്രിയ കൂട്ടുകാരനാണ്. ഇനി എന്നാണ് അവനെ കാണാനാവുക?

അപ്പ വിളിക്കുന്നു 'അമീർ വന്ന് വാനിൽ കയറൂ' ഞാൻ ബാഗെടുത്ത് വാനിലേയ്ക്കോടി. നിറയെ ആളുകളുണ്ട്. കാലു വയ്ക്കാൻ ഒരിടമില്ല. അമ്മ അനിയത്തിയെയുമെടുത്ത് അതിനുള്ളിലേയ്ക്ക് തുളച്ചുകയറി. അപ്പയുടെ കയ്യിൽ വലിയ ബാഗുണ്ട്. അത് വാനിനു മുകളിൽ കയറിട്ടു കെട്ടിവച്ചു. വാൻ ഞരങ്ങിനീങ്ങി. കുട്ടികളുടെ കരച്ചിലും വൃദ്ധരുടെ രോദനവും നെടുവീർപ്പുകളും നിറഞ്ഞ വാൻ,. ഞാൻ നിർവികാരനായി പുറത്തേയ്ക്ക്

നോക്കിയിരുന്നു. കെട്ടിടങ്ങളെല്ലാം തകർന്നു കിടക്കുന്നു. പട്ടാളക്കാർ തോക്കുകളുമായി നാൽക്കവലകളിൽ. കരി പിടിച്ച മുഖവുമായി രണ്ടു ചെറിയ കുട്ടികൾ ഒരു കൽക്കൂനയുടെ ഉള്ളിൽ എന്തോ തിരയുന്നു. ക്ഷീണംകൊണ്ട് ഞാൻ അവിടെയിരുന്നു മയങ്ങി.


കണ്ണുതുറന്നപ്പോൾ രാത്രി. ഞങ്ങൾ അതിർത്തി കടക്കുകയാണെന്ന് അപ്പ പറഞ്ഞു. അധികം പേരും മയക്കത്തിലാണ്. 'ഈ സ്ഥലം കഴിഞ്ഞു കിട്ടിയാൽ നാം രക്ഷപ്പെടും' അപ്പ പറഞ്ഞു.

